## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1099** — **06.02.2020-ൽ മറുപടിക്ക്**

## ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണം

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ഒറ്റപ്പാലം ബൈപ്പാസ് നിർമ്മിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ;<br><br>(ബി) അതിനായി എന്നാണ് ഭരണാനുമതി നൽകിയത്; എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; അതിനുശേഷം ഒറ്റപ്പാലം ബൈപ്പാസ് നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകുമോ? | (എ) & (ബി) | 27.09.2016-ലെ സ.ഉ(സാധാ)നം.1324/2016/പൊ.മ.വ പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം ബൈപ്പാസിന് 15 കോടി രൂപ അനുവദിക്കുകയും റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയമിക്കുകയും ചെയ്തിരുന്നു. ആർ.ബി.ഡി.സി.കെ വിശദമായ പദ്ധതി രേഖ തയ്യാറാക്കി സമർപ്പിക്കുകയും 03.05.2018-ലെ സ.ഉ(സാധാ)നം.792/2018/പൊ.മ.വ പ്രകാരം ഒറ്റപ്പാലം ബൈപ്പാസിന് 79.42 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു. കിഫ്ബിയുടെ 15.05.2018-ലെ ഉത്തരവ് പ്രകാരം ഒറ്റപ്പാലം ബൈപ്പാസിന് 78.05 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തുടർന്ന് പദ്ധതിയ്ക്ക് ആവശ്യമായ ഒറ്റപ്പാലം വില്ലേജിലെ 325 ആർ ഭൂമി ഏറ്റെടുത്ത് ലഭിക്കുന്നതിനായി 03.09.2018-ൽ പാലക്കാട് ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിച്ചു. സർവ്വേ & അതിരടയാളം ആക്ട് വകുപ്പ് 6(1) പ്രകാരമുള്ള വിജ്ഞാപനം എൽ.എ തഹസിൽദാർ 17.11.2018-ലെ 2755-ാം നമ്പർ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ സ്ഥലമെടുക്കുന്നതിനുള്ള അനുമതി 28.06.2019-ലെ സ.ഉ (സാധാ) നം.1676/2019/റവ പ്രകാരം നൽകിയിട്ടുണ്ട്. തുടർന്ന് 17.09.2019-ന് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുകയും, തുടർന്നുള്ള ദിവസങ്ങളിൽ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കി 09.10.2019-ൽ സംയുക്ത പരിശോധനയും പൂർത്തിയാക്കിയിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികളുടെ പ്രാഥമിക ചെലവുകൾക്കാവശ്യമായ കണ്ടിജൻസി ചാർജ് കിഫ്ബിയിൽ നിന്നും ലഭ്യമായി ചെക്ക് തഹസിൽദാറുടെ പേരിൽ അനുവദിച്ചിട്ടുണ്ട്. നിലവിൽ ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായ സാമൂഹ്യ പ്രത്യാഘാത പഠനം നടന്നുകൊണ്ടിരിക്കുകയാണ്. ഭൂമിയേറ്റെടുത്ത് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ